വന്നത്. ഞാൻ കായംകുളം ഉൾപ്പെടെയാണ് പറയുന്നത്. കായംകുളത്തിന് കുറച്ചുകൂടി കഴിയുമ്പോൾ 100 കോടി രൂപ കൊടുക്കണം. ഇത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എസ്. ശർമ്മ : ഏതൊരു സ്കീമും ഗവണ്മെന്റ് എടുക്കുന്നില്ല എന്നുള്ളത് ശരിയല്ല. ട്രാൻസിറ്റ് ചെയ്ത് കൊടുക്കുന്നതിന് നിലവിലുള്ള സിസ്റ്റത്തിൽ അപര്യാപ്തതയുണ്ട് എന്നുള്ളത് മനസ്സിലാക്കിക്കൊണ്ടാണ് ഈ വർഷവും അടുത്തവർഷവുമായി 800 കോടി രൂപ ചെലവ് ചെയ്ത് കേരളത്തിൽ 150 സബ് സ്റ്റേഷനുകൾ സ്ഥാപിച്ച് ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി പ്രസരണരംഗത്തും വിതരണരംഗത്തും കുറ്റമറ്റ രൂപത്തിൽ പ്രയോജനപ്പെടുത്തുന്നതിന് ശാസ്ത്രീയമായ സമീപനത്തോടുകൂടി തന്നെ ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും പടിപടിയായി ഫലം ദർശിക്കാൻ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു).

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും ഉത്തരങ്ങളും

5 (*35) ചെറുകിട വൈദ്യുത പാക്കേജ് പദ്ധതികൾ

ശ്രീ. പി. നാരായണൻ :
ശ്രീ. പി. രാജു :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വൈദ്യുത പദ്ധതികളിലൂടെ വൈദ്യുതി സ്വരൂപിക്കുന്നതിനുള്ള പാക്കേജ് പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ എത്രമാത്രം വൈദ്യുതി സ്വരൂപിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി)&(സി) പാക്കേജ് പദ്ധതി വഴി 2000-2001 ആണ്ടോടെ സ്വരൂപിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന വൈദ്യുതിയുടെ കണക്ക് താഴെ കൊടുക്കുന്നു.

1.	ചൈനീസ് പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികൾ	-	104.75 മെഗാവാട്ട്
2.	ബോർഡ് നേരിട്ടു നടത്തുന്ന പദ്ധതികൾ	-	14.25 മെഗാവാട്ട്
3.	ജില്ലാ പഞ്ചായത്ത് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ	-	8.5 മെഗാവാട്ട്

LIBRARY ARCHIVES Kerala Legislative Assembly

4. സ്വകാര്യ പങ്കാളിത്തത്തോടുകൂടി നട - 59 മെഗാവാട്ട്
ത്തുന്ന പദ്ധതികൾ

ആകെ - 186.5 മെഗാവാട്ട്

6 (*36) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനുള്ള നടപടി

ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക രിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്;

(സി) ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങളുടെ പുനരധിവാസത്തിനായി സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയനുസരിച്ച് ഇതി നകം എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിനുവേണ്ടി ഇതിനകം ചെലവഴിച്ച തുക എത്ര;

(ഡി) പുറമ്പോക്കു നിവാസികളായ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശ ദാംശം വ്യക്തമാക്കാമോ?

പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃ ഷ്ണൻ)

(എ) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി ഗവൺമെന്റിലും പൊതു മേഖലയിലും ഉദ്യോഗസംവരണം, വിദ്യാഭ്യാസമേഖലയിൽ സീറ്റ് സംവരണം, അയിത്താചരണത്തിനും അതിക്രമങ്ങൾക്കെതിരെ സംരക്ഷണവും ബോധ വൽക്കരണവും എന്നിവ കൂടാതെ പാർപ്പിടവും മറ്റ് അനുബന്ധ സൗകര്യ ങ്ങളും വിവിധ വിദ്യാഭ്യാസ സാമ്പത്തിക വികസന സാമൂഹ്യ ഉന്നമന പരിപാടി കളും നടപ്പാക്കുന്നുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) വിവിധ പദ്ധതികളിലായി വിവിധ വകുപ്പുകൾ മുഖേനയും തദ്ദേ ശസ്വയം ഭരണ സ്ഥാപനങ്ങൾ വഴിയും നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഉണ്ട്. സംസ്ഥാനത്തെ പുറമ്പോക്കുകളിൽ താമസിക്കുന്ന പട്ടി കജാതിക്കാരുടെ പുനരധിവാസത്തിനായി നടപ്പാക്കുന്ന പദ്ധതിയനുസരിച്ച് പട്ടയം ലഭിക്കാൻ സാദ്ധ്യത ഇല്ലാത്ത പുറമ്പോക്കുകളിൽ താമസിക്കുന്ന പട്ടി കജാതിക്കാരെ പുനരധിവസിപ്പിക്കുന്നതിന് ഗ്രാമ പ്രദേശങ്ങളിൽ മൂന്ന് സെന്റോ(പട്ടികവർഗ്ഗക്കാർക്ക് നാല് സെന്റോ) നഗര പ്രദേശങ്ങളിൽ രണ്ട് സെന്റോ ഭൂമിയാക്കുന്നതിന് 15,000 രൂപയും ഭവന നിർമ്മാണത്തിന് 35,000 രൂപയും ധനസഹായം നൽകുന്നു. ദുർഘട പ്രദേശങ്ങളിൽ വസിക്കുന്ന പട്ടി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly